**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5695** **16-03-2023 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക തട്ടിപ്പുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സാമ്പത്തിക തട്ടിപ്പുമായി ബന്ധപ്പെട്ട് അരീക്കോട് പോലീസ് സ്റ്റേഷനിൽ 25.11.2022-ന് രജിസ്റ്റർ ചെയ്ത എഫ്.ഐ.ആർ. നം.0858, നൂറനാട് പോലീസ് സ്റ്റേഷനിൽ 09.12.2022ന് രജിസ്റ്റർ ചെയ്ത എഫ്.ഐ.ആർ.നം.0903, അടൂർ പോലീസ് സ്റ്റേഷനിൽ 06.12.2022 ന് രജിസ്റ്റർ ചെയ്ത എഫ്.ഐ.ആർ. നം.1732 എന്നീ കേസുകളിൽ നാളിതുവരെ തുടർ നടപടികളെന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ അന്വേഷണ പുരോഗതി വിശദമാക്കുമോ? | (എ) | 1) അരീക്കോട് പോലീസ് സ്റ്റേഷനിൽ ക്രൈം നം.858/2022 u/s 406, 420 r/w 34 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ നിലവിൽ മൂന്ന് പ്രതികൾ ഉൾപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്. ഒന്നാം പ്രതി സലീഖ് ഇസ്ലാൻ മദനി എന്നയാൾ വിദേശത്ത് ആയതിനാൽ ടിയാനെ അറസ്റ്റ് ചെയ്യുവാൻ സാധിച്ചിട്ടില്ല. ടിയാനെതിരെ Look Out Circular (LOC) പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. രണ്ടാം പ്രതി റിയാസ് ബാബു എന്നയാളെ ബഹു. കോടതി മുമ്പാകെ ഹാജരാകുന്നതിനായി CrPC 41(A) പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. മൂന്നാം പ്രതി റിഷാദ് മോൻ എന്നയാളെ അറസ്റ്റ് ചെയ്ത് ബഹു. മഞ്ചേരി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് കോടതി മുമ്പാകെ ഹാജരാക്കിയിട്ടുണ്ട്.<br>2) നൂറനാട് പോലീസ് സ്റ്റേഷൻ ക്രൈം നം.903/2022 u/s 406, 420 r/w 34 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ സലീഖ് ഒന്നാം പ്രതിയായും, റിയാസ് ബാബു രണ്ടാം പ്രതിയായും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസിലേയ്ക്ക് സാക്ഷികളെകണ്ട് ചോദ്യം ചെയ്തിട്ടുള്ളതും സാമ്പത്തിക കൈമാറ്റം നടത്തിയതിലേയ്ക്ക് തെളിവ് ശേഖരിച്ച് ഊർജ്ജിതമായ അന്വേഷണം നടത്തി വരുന്നു.<br>3) അടൂർ പോലീസ് സ്റ്റേഷൻ ക്രൈം.1732/2022 u/s 420,34 IPC നമ്പർ കേസിൽ സലീഖ് ഒന്നാം പ്രതിയും, റിയാസ് ബാബു, രണ്ടാം പ്രതിയായും, ഷംനാദ് മൂന്നാം പ്രതിയായും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസിലേയ്ക്ക് സാക്ഷികളെകണ്ട് ചോദ്യം ചെയ്തിട്ടുള്ളതും സാമ്പത്തിക കൈമാറ്റം നടത്തിയതിലേയ്ക്ക് തെളിവ് ശേഖരിച്ച് ഊർജ്ജിതമായ അന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ